# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3260 — 16.12.2015-ൽ മറുപടിയ്ക്ക്

## 'മാതൃഭാഷാ പഠനത്തിന് കർമ്മപദ്ധതി'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ.സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് മലയാളം മിഷൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേരള സർക്കാരിന്റെ കീഴിലുള്ള മലയാളം മിഷൻ മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യമാണ്. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനകേന്ദ്രങ്ങളിലെ അധ്യാപകർക്ക് പരിശീലനവും, പഠനസാമഗ്രികളും, പഠനപ്രവർത്തനങ്ങൾക്കു വേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നീ നാലു കോഴ്സുകളിലൂടെ പത്തു വർഷം നീണ്ടുനിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. |

| | | |
|---|---|---|
| (സി) | ഇതു നടപ്പാക്കാൻ ഭരണതല ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരളത്തിനു പുറത്ത് മറ്റു സംസ്ഥാനങ്ങളിലെയും വിദേശത്തെയും പ്രവാസി മലയാളി സംഘടനകളിൽ നിന്നും ആവശ്യം ഉയരുന്നതിനനുസരിച്ച് ഓരോ മേഖല യിലും പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. പഠിതാക്കൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. പഠനകേന്ദ്രങ്ങളുടെ ഊർജ്ജിതമായ പ്രവർത്തനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ